# നോട്ടീസ്

കുട്ടികളുടെ വായനാശേഷി പ്രകടമാക്കുന്നതിന് ആത്മ വിശ്വാസം നൽകുന്ന തരത്തിൽ ഒന്ന്,രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന വായനാ അനുഭവങ്ങൾ പരിപാടിയുടെ ഭാഗമായി ഒരുക്കേണ്ടതുണ്ട്. ഇതിലേക്കായി ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് പുതുമയുള്ളതും വൈവിധ്യമാർന്നതുമായ വായനാ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി ഈ രംഗത്ത് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസാധകരിൽ നിന്ന് പുസ്തകങ്ങളുടെ കോപ്പികൾ ക്ഷണിച്ച് അവയിൽ നിന്ന് സംസ്ഥാനതലത്തിൽ വിദഗ്ധ സമിതി നിർദേശിക്കുന്ന പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതാണ്. പ്രസാധകർ പുസ്തകങ്ങൾ ലഭ്യമാക്കുമ്പോൾ ചുവടെ പറയുന്ന നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്കുള്ള ബാലസാഹിത്യ കൃതികൾ ആണ് വേണ്ടത്.

2. ചിത്രങ്ങൾ എല്ലാ പേജുകളിലും ഉണ്ടാകണം

ആകർഷകമായ ചിത്രീകരണം വേണം.

ചിത്രാസ്വാദനത്തിനും വ്യാഖ്യാനത്തിനും സഹായകമായിരിക്കണം ചിത്രങ്ങൾ.

3. ഭാഷ ലളിതമായിരിക്കണം.

ചെറിയ വാക്യങ്ങളിലാകണം രചന.

താളാത്മക ഭാഷയും വാക്കുകളുടെ ആവർത്തനവും ശബ്ദ ഭംഗിയും അഭിലഷണീയം.

വിനിമയ ക്ഷമതയെ സാരമായി ബാധിക്കും വിധമുള്ള ഭാഷാരീതി പാടില്ല. എഴുത്തും വായനയും പഠിച്ചുതുടങ്ങുന്ന കുട്ടിയുടെ ഭാഷാ ശേഷി വികാസത്തിന് സഹായകമാകണം.

4.ഉള്ളടക്കം ഒന്ന്, രണ്ട് ക്ലാസുകളിലെ തീമുകൾ പരിഗണിക്കുന്നവയാകണം.

തീമുകൾ ചുവടെ ചേർക്കുന്നു

1. ആഹാരം
2. പാർപ്പിടം
3. വസ്ത്രം
4. തൊഴിൽ

5. മണ്ണ്

6. ജലം (മഴ, കടൽ, പുഴ....)

7. സസ്യങ്ങൾ (പൂക്കൾ, ഫലങ്ങൾ, കാട്, മരങ്ങൾ...)

8. ജീവികൾ ( വളർത്തു ജീവികൾ, പറവകൾ, ചെറുജീവികൾ, ജലജീവികൾ...)

9. വാഹനം

10. പൊതു സ്ഥാപനങ്ങൾ, പൊതു യിടങ്ങൾ ( ആശുപത്രി, സ്കൂൾ.

11. വാർത്താവിനിമയം

12. ഭൂതലസവിശേഷതകൾ ( മല, പാടം.. )

13. കൃഷി

14. കച്ചവടം

15. ആഘോഷം

16. വിനോദങ്ങൾ

17. ആരോഗ്യം

18. ശരീരം

19. കുടുംബം

20. ആകാശം

ഈ തീമുകളുമായി ബന്ധപ്പെടുത്താവുന്ന ഭാവനയുണർത്തുന്ന സർഗാത്മകരചനകളാണ് വേണ്ടത്.

5. അവതരണം കൗതുകവും ജിജ്ഞാസയും ഉണർത്തുന്നതാകണം.

6. വരച്ചു യോജിപ്പിക്കൽ, നിറം നൽകൽ തുടങ്ങി ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്നത് ഒഴിവാക്കണം.

7. അക്ഷര വലുപ്പം ചെറിയ കുട്ടികളെ പരിഗണിച്ചു കൊണ്ടാകണം

പുതിയലിപി പ്രകാരമുള്ളതാകണം.

8. വർണ്ണവിന്യാസം, ലേ ഔട്ട് എന്നിവ കുട്ടിയുടെ മനസ്സറിഞ്ഞായിരിക്കണം

9. വീണ്ടും വീണ്ടും വായിക്കണമെന്ന് കുട്ടിയിൽ ആഗ്രഹം ജനിപ്പിക്കുന്ന വിസ്മയകരമായ കഥാഗതി.

10. ഏതെങ്കിലും തരത്തിലുള്ള വിവേചനങ്ങളോ ചായ്വുകളോ പുരോഗമന സമൂഹത്തിന്റെ മൂല്യബോധത്തെ ദുർബലപ്പെടുത്തുന്ന സൂചനകളോ പാടില്ല.

11. ജൻഡർ സംബന്ധിച്ച വാർപ്പു മാതൃകകളെ അരക്കിട്ടുറപ്പിക്കുന്ന ചിത്രങ്ങളോ പരാമർശങ്ങളോ ഉണ്ടാകാതെ നോക്കണം

12. മതനിരപേക്ഷ സമുഹത്തിന് അനുയോജ്യമായിരിക്കണം

13. കട്ടിക്കടലാസിലും ആർട്ട് പേപ്പറുകളിലുമുള്ളതിന് പരിഗണന നൽകണം

14. കേരളത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്നതിന് സഹായകമാകണം.

2023 ഡിസംബർ മാസം വിപണിയിൽ നൽകിയിട്ടുള്ള മുഖവിലയിൽ ഏറ്റവും കുറച്ച് 30 ശതമാനമെങ്കിലും ഡിസ്കൗണ്ട് അനുവദിച്ച് പുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന പ്രസാധകരിൽ നിന്നും മാത്രമേ കോപ്പികൾ സ്വീകരിക്കുകയുള്ളൂ.

**2024** ജനുവരി 20 നകം പുസ്തകങ്ങളുടെ കോപ്പികൾ സമഗ്രശിക്ഷാ സംസ്ഥാന പ്രോജക്ട് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി